**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** **12-06-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാകുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ജലജീവൻ പദ്ധതി മുഖേന മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും അനുവദിച്ച തുക എത്രയാണെന്നും എത്ര കണക്ഷൻ നൽകാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര കണക്ഷൻ ഇതിനോടകം നൽകിയെന്നും ഇതിൽ ജലം ലഭിച്ച കണക്ഷനുകൾ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അനുവദിച്ച തുകയും അതിൻെറ ടെണ്ടർ നടപടിയും എത്ര കണക്ഷനാണ് ഒരോ പഞ്ചായത്തിലും നൽകാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനകം എത്ര കണക്ഷൻ നൽകിയെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | ചീക്കോട്, മുതുവല്ലൂർ, ചെറുകാവ്, പുളിക്കൽ, വാഴയൂർ, വാഴക്കാട് എന്നീ പഞ്ചായത്തുകൾക്കായി സ്റ്റേറ്റ്പ്ലാനിൽ ആകെ 4000 ലക്ഷം രൂപ 2020-21 ൽ അനുവദിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പ്രവൃത്തിയിൽ ഒരോ പഞ്ചായത്തിലും നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>ചുവടെ ചേർത്തിരിക്കുന്ന ബാക്കി പ്രവൃത്തികൾക്ക് റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. ചീക്കോട് പഞ്ചായത്തിൽ ഫേസ്-2 പ്രവൃത്തിയായി 19 എം.എൽ.ഡി പ്ലാന്റിനും ഫ്ലോക്കുലറേറ്ററിനും മേൽക്കൂര നിർമ്മാണം.<br>2. ചെറുകാവ് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ഫേസ് 2 വിൽ വെള്ളം ലഭ്യമാക്കാനുള്ള ഓൺലൈൻ ബൂസ്റ്റർ.<br>3. ചെറുകാവ് പഞ്ചായത്തിൽ ഫേസ് 2 പാക്കേജ് 2 ബി- ബാക്കിവരുന്ന വിതരണ ശൃംഖലയും 1000 ഗാർഹിക കണക്ഷനും നൽകുന്ന പ്രവൃത്തി. |

| | | | |
|---|---|---|---|
| | | | 4. പുളിക്കൽ പഞ്ചായത്തിൽ ഫേസ് 2 പാക്കേജ് 3 എ- ബാക്കിവരുന്ന വിതരണ ശൃംഖലയും 1000 ഗാർഹിക കണക്ഷനും നൽകുന്ന പ്രവൃത്തി. |
| (ഡി) | കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇതിനകം എത്ര കണക്ഷൻ നൽകിയെന്നും ഇനി എത്ര കണക്ഷനാണ് നൽകാനുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അമൃത് 2.0 പദ്ധതിയിൽ ആകെ 14000 കണക്ഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 1023 കണക്ഷനുകൾ നൽകി, ഇനി 12977 കണക്ഷനുകൾ കൂടി നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി 108.698 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചു. 6 പാക്കേജുകളിലായി പ്രവൃത്തി പുരോഗമിച്ചു വരുന്നു.

**പാക്കേജ് – 1** – 19 ദശ ലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, മറ്റു അനുബന്ധ പ്രവൃത്തികൾ എന്നിവ 99% പൂർത്തീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണ ശാലയിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.06 കോടി രൂപ കെ.എസ്.ഇ.ബി യിലേക്ക് അടയ്ക്കേണ്ടതുണ്ട്. ആയത് ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്.

**പാക്കേജ് –** 2 – ചമ്മലപ്പറമ്പിൽ 6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, മേലങ്ങാടിയിൽ 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ഗ്രാവിറ്റി മെയിൻ, 35.13 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയുടെ പ്രവൃത്തി – 91% പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ്** – 2 എ – കുമ്പളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി – 99% പൂർത്തീകരിച്ചു.

**പാക്കേജ് –** 3 എ – 300 എംഎം ഡിഐ മുതൽ 90 എംഎം പിവിസി വരെയുള്ള വിവിധ തരം പൈപ്പുകൾ ഉപയോഗിച്ച് സോൺ 1, സോൺ 2, സോൺ 3 എന്നീ ഭാഗങ്ങളിൽ 128.63 കിലോ മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി :– ഇതിൽ എൻ എച്ച് 966 ൽ പൈപ്പുകൾ സ്ഥാപിക്കേണ്ട പ്രവൃത്തികൾ ഒഴികെ മറ്റു പ്രവൃത്തികൾ 100% പൂർത്തീകരിച്ചു.

**പാക്കേജ്** – 3 ബി – കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളുൾപ്പെടുന്ന കുമ്പളപ്പാറ, മൂച്ചിക്കുണ്ട്, ചെരുപ്പടി (സോൺ 5 എ, സോൺ 5 ബി, സോൺ 6, സോൺ 7) എന്നീ പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖലയും, ബൂസ്റ്റർ സ്റ്റേഷനും സ്ഥാപിക്കുന്ന പ്രവൃത്തി:– ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19.03.2024 ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

**പാക്കേജ്** – 3 എ (ബാലൻസ് വർക്ക്)– പാക്കേജ് 3 എ പ്രവൃത്തിയിൽ അവശേഷിക്കുന്ന എൻ എച്ച് 966 ലൂടെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ എച്ച്.ഡി.ഡി. മെത്തേഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി:– ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 06.06.2024 ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

**ജെ. ജെ.എം**

1.ചീക്കോട് പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 70%പൂർത്തീകരിച്ചു.
2.പുളിക്കൽ പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 65 % പൂർത്തീകരിച്ചു
3.ചെറുകാവ് പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 75% പൂർത്തീകരിച്ചു.
4. വാഴയൂർ പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 90 % പൂർത്തീകരിച്ചു
5.വാഴക്കാട് പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 90% പൂർത്തീകരിച്ചു
6.മുതുവല്ലൂർ പഞ്ചായത്തിൽ ഗാർഹിക കണക്ഷനും ലൈൻ നീട്ടലും– 80 % പൂർത്തീകരിച്ചു

അമൃത്പദ്ധതി-കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ ഗാർഹിക കണക്ഷൻ നൽകൽ -10%പൂർത്തീകരിച്ചു

## സ്റ്റേറ്റ് പ്ലാൻ

ചീക്കോട്, മുതുവല്ലൂർ, ചെറുകാവ്, പുളിക്കൽ, വാഴയൂർ, വാഴക്കാട് എന്നീ പഞ്ചായത്തുകൾക്കായി സ്റ്റേറ്റ്പ്ലാനിൽ മൊത്തം 4000 ലക്ഷം രൂപ 2020-21 ൽ അനുവദിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **ഗ്രാമ പഞ്ചായത്ത്** | **നൽകാൻ ഉദ്ദേശിച്ച കണക്ഷൻ** | **നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം** |
|---|---|---|
| ചീക്കോട് | 1000 | 1017 |
| പുളിക്കൽ | 1000 | 465 |
| ചെറുകാവ് | 1000 | 955 |
| വാഴയൂർ | 1500 | 500 |
| വാഴക്കാട് | 1600 | 498 |
| മുതുവല്ലൂർ | 1000 | 819 |

ചുവടെ ചേർത്തിരിക്കുന്ന ബാക്കി പ്രവൃത്തികൾക്ക് റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1. ചീക്കോട് പഞ്ചായത്തിൽ ഫേസ്-2 പ്രവൃത്തിയായി 19 എം.എൽ.ഡി പ്ലാന്റിനും ഫ്ലോക്കുലറേറ്ററിനും മേൽക്കൂര നിർമ്മാണം.
2. ചെറുകാവ് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ഫേസ് 2 വിൽ വെള്ളം ലഭ്യമാക്കാനുള്ള ഓൺലൈൻ ബൂസ്റ്റർ.
3. ചെറുകാവ് പഞ്ചായത്തിൽ ഫേസ് 2 പാക്കേജ് 2 ബി- ബാക്കിവരുന്ന വിതരണ ശൃംഖലയും 1000 ഗാർഹിക കണക്ഷനും നൽകുന്ന പ്രവൃത്തി.
4. പുളിക്കൽ പഞ്ചായത്തിൽ ഫേസ് 2 പാക്കേജ് 3 എ- ബാക്കിവരുന്ന വിതരണ ശൃംഖലയും 1000 ഗാർഹിക കണക്ഷനും നൽകുന്ന പ്രവൃത്തി.

**അനുബന്ധം 2**

| ഗ്രാമ പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷം) | ഭരണാനുമതി പ്രകാരമുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം | നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം | വെള്ളം ലഭിച്ച കണക്ഷനുകളുടെ എണ്ണം (05.06.2024 ലെ ഡാറ്റ) |
|---|---|---|---|---|
| ചീക്കോട് | 3839.00 | 5748 | 5069 | 5069 |
| പുളിക്കൽ | 3616.37 | 6054 | 5225 | 5075 |
| ചെറുകാവ് | 3300.00 | 5091 | 4543 | 4393 |
| വാഴയൂർ | 3260.50 | 8596 | 4236 | 4236 |
| വാഴക്കാട് | 3616.43 | 9596 | 4602 | 4602 |
| മുതുവല്ലൂർ | 2738.00 | 3380 | 3579 | 3497 |

**<u>അനുബന്ധം 3</u>**

| ഗ്രാമ പഞ്ചായത്ത് | നൽകാൻ ഉദ്ദേശിച്ച കണക്ഷൻ | നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| ചീക്കോട് | 1000 | 1017 |
| പുളിക്കൽ | 1000 | 465 |
| ചെറുകാവ് | 1000 | 955 |
| വാഴയൂർ | 1500 | 500 |
| വാഴക്കാട് | 1600 | 498 |
| മുതുവല്ലൂർ | 1000 | 819 |